സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം

208 (4840) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ യു.പി.എസ്-ന്റെ തകരാർ കാരണം വൈദ്യുതി തടസ്സമുണ്ടാവുകയും രജിസ്ട്രേഷൻ ജോലികൾ മുടങ്ങുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(സി) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളിലാണ് ഇത്തരത്തിൽ രജിസ്ട്രേഷൻ അനുബന്ധ ജോലികൾ മുടങ്ങിയിട്ടുള്ളത്;

(ഡി) ഇത്തരത്തിൽ രജിസ്ട്രേഷൻ അനുബന്ധ ജോലികൾ മുടങ്ങുന്നത് ഭാവിയിൽ ഇല്ലാതാക്കുന്നതിനും, ധനനഷ്ടം ഉണ്ടാകാതിരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) യു.പി.എസ്. തകരാറുമൂലം ചില സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് വാർഷിക അറ്റകുറ്റപ്പണിയുടെ ഭാഗമായിട്ടുള്ള സാങ്കേതിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർമാരിൽ നിന്ന് വിശദമായ റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ലഭിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലയിൽ മുണ്ടൂർ, പഴയന്നൂർ, എരുമപ്പെട്ടി, കുട്ടനല്ലൂർ, അയ്യന്തോൾ, അക്കിക്കാവ്, കാട്ടൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിലും യു.പി.എസ്. തകരാറുമൂലം ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) രജിസ്ട്രേഷൻ അനുബന്ധ ജോലികൾ മുടങ്ങുന്നത് ഭാവിയിൽ ഇല്ലാതാക്കുന്നതിനും ധനനഷ്ടം ഉണ്ടാകാതിരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly